"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ്-എക്സൈസ്-ഭരണപരം-പാലക്കാട് എക്സൈസ് ഐ.ബി യൂണിറ്റിലെ പ്രവർത്തനങ്ങൾക്കായി KL 16 M 7078 നമ്പർ സ്വിഫ്റ്റ് ഡിസൈർ കാർ സൗജന്യമായി അനുവദിച്ചു നൽകിയ സർക്കാർ ഉത്തരവ് റദ്ദു ചെയ്ത് പ്രസ്തുത വാഹനം ഹാർബർ എഞ്ചിനിയറിംഗ് വകുപ്പിന് വകുപ്പുതല ആവശ്യങ്ങൾക്കായി സൗജന്യമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ് )വകുപ്പ്**

സ.ഉ.(സാധാ) നം.658/2024/TAXES തീയതി,തിരുവനന്തപുരം, 25-07-2024

---

പരാമർശം:-
1. സ.ഉ(സാധാ) നം.701/2023/നികുതി തീയതി 05.10.2023.
2. സ.ഉ(കൈ)നം.22/2024/നികുതി തീയതി 23.05.2024.
3. ചീഫ് എഞ്ചിനീയർ ,ഹാർബർ എഞ്ചിനിയറിംഗ് വകുപ്പിന്റെ 27.02.2024 ലെ 7981/എം/2014/സിഇ നമ്പർ കത്ത്.
4. എക്സൈസ് കമ്മീഷണറുടെ 01.07.2024 ലെ ഇ.എക്സ്.സി/5576/2023-എക്സ്.എ4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ വാഹനങ്ങളുടെ അപര്യാപ്തത രൂക്ഷമായതു കാരണം പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നെന്നും ആയതു ഒഴിവാക്കുന്നതിനും, നിർമ്മാണ പ്രവൃത്തികൾ ശരിയാം വിധം മേൽനോട്ടം വഹിക്കുന്നതിനും ആയതു സമയബന്ധിതമായി പൂർത്തീകരിക്കേണ്ട ആവശ്യകതയും കണക്കിലെടുത്ത് കൊല്ലം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ കാര്യാലയത്തിൽ അബ്കാരി കേസിൽ ഉൾപ്പെട്ട ചടയമംഗലം പോലീസ് സ്റ്റേഷൻ വളപ്പിൽ സൂക്ഷിച്ചിട്ടുള്ള KL 16 M 7078 നമ്പരായ സ്വിഫ്റ്റ് ഡിസൈർ കാർ വകുപ്പിലേക്ക് അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ചീഫ് എഞ്ചിനീയർ,ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പരാമർശം (3) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

2.KL-16-M-7078 നമ്പർ സ്വിഫ്റ്റ് ഡിസയർ കാർ പാലക്കാട് എക്സൈസ് ഐ.ബി യൂണിറ്റിന് അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുള്ളതും , തുടർന്ന് ടി വാഹനത്തിന്റെ അറ്റകുറ്റപ്പണി നടത്തുവാൻ ചെലവ് വരുമെന്നതിനാൽ, ടി വാഹനത്തിന് പകരമായി പുതിയ ഒരു വാഹനം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇ.ഐ&ഐ.ബി ജോയിന്റ് എക്സൈസ് കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണെന്നും, ഹാർബർ എഞ്ചിനിയറിംഗ് വകുപ്പിൽ നിന്നും പരാമർശം (2) പ്രകാരമുള്ള മാനദണ്ഡം പാലിച്ചുകൊണ്ട് അപേക്ഷ സമർപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ, ടി വാഹനം പാലക്കാട് എക്സൈസ് ഐ.ബി യൂണിറ്റിന് അനുവദിച്ച പരാമർശം (1) ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട്,

ചടയമംഗലം പോലീസ് സ്റ്റേഷൻ ക്രൈം 1978/2020 നമ്പർ അബ്കാരി കേസിലുൾപ്പെട്ട് സർക്കാരിലേക്ക് കണ്ടുകെട്ടിയ, നടപടികൾ പൂർത്തിയാക്കിയ, അപ്പിലുകളോ കോടതി വ്യവഹാരങ്ങളോ അവശേഷിക്കാത്ത KL-16-M-7078 നമ്പർ സ്വിഫ്റ്റ് ഡിസയർ കാർ ഹാർബർ എഞ്ചിനിയറിംഗ് വകുപ്പിന് വകുപ്പുതല ആവശ്യങ്ങൾക്കായി അനുവദിച്ചു നൽകുന്നതിനായി പരാമർശം (4) പ്രകാരം എക്സൈസ് കമ്മീഷണർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ചടയമംഗലം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1978/2020 ൽ ഉൾപ്പെട്ട് സർക്കാരിലേക്ക് കണ്ടുകെട്ടിയ KL-16-M-7078 നമ്പർ സ്വിഫ്റ്റ് ഡിസയർ കാർ പാലക്കാട് എക്സൈസ് ഐ.ബി യൂണിറ്റിന് അനുവദിച്ച പരാമർശം (1) ഉത്തരവ് റദ്ദു ചെയ്യും, KL-16-M-7078 നമ്പർ സ്വിഫ്റ്റ് ഡിസയർ കാർ 1996- ലെ കേരള അബ്കാരി (ഡിസ്പോസൽ ഓഫ് കോൺഫിസ്കേറ്റഡ് ആർട്ടിക്കിൾസ്) റൂൾസിലെ റൂൾ 23 പ്രകാരം ഹാർബർ എഞ്ചിനിയറിംഗ് വകുപ്പിന് വകുപ്പുതല ആവശ്യങ്ങൾക്കായി സൗജന്യമായി അനുവദിച്ചു നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷജില എസ്
ഡെപ്യൂട്ടി സെക്രട്ടറി

1.എക്സൈസ് കമ്മീഷണർ,തിരുവനന്തപുരം.
2.ചീഫ് എഞ്ചിനീയർ ,ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ്.
3.മത്സ്യബന്ധന തുറമുഖ (എ) വകുപ്പ്.
4.അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്/ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപുരം.
5.വെബ് &ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് ).
6.കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Reese. V. A
Date: 25-07-2024 14:57:14
സെക്ഷൻ ഓഫീസർ